# ആനാട്   സി.ഡി. എസ്

## കൊറോണ പ്രവർത്തന റിപ്പോർട്ട്


**തയ്യാറാക്കിയത്**

**ബ്ലോക്ക് കോർഡിനേറ്റർ (സ്കിൽ & എസ് ഡി) :  ആര്യ എം സി**

**(904856505050)      ചെയർപേഴ്സൺ  : റീന എസ് (9645709754)**

# ആമുഖം

തിരുവനന്തപുരംജില്ലയിലെ നെടുമങ്ങാട് ബ്ലോക്കിലെ ആനാട്പഞ്ചായത്തിൽ 19വാർഡുകളിലായി 316 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ആണ് ഉള്ളത്.

ആനാട് ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസിൽ സ്ത്രീ കൂട്ടായ്മയുടെ ഒരു പുതിയ മാനം ഇന്ന് ലോകത്തിനു മുന്നിൽ കാഴ്ച വയ്ക്കുവാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്.

ഓരോ അയൽക്കൂട്ടത്തിന്റെയുംആവശ്യങ്ങൾ വിലയിരുത്തി അത് ഭരണ നേതൃത്വത്തിലേക്ക് എത്തിച്ചു സ്ത്രീയുടെയും കുടുംബത്തെയും സമൂഹത്തെയും ജീവിതനിലവാരം മാറ്റിയെടുക്കുന്നതിന് അയൽക്കൂട്ടത്തിന് ഭാരവാഹികളുടെ പങ്ക് വളരെ വലുതാണ് കുടുംബശ്രീ 22 വർഷംപിന്നിടുമ്പോൾസാമ്പത്തികസാമൂഹികസ്ത്രീശക്തികരണം കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തി കുടുംബശ്രീ പ്രസ്ഥാനത്തെ പുതിയ തലത്തിലേക്ക് എത്തിക്കുന്നതിന് ശ്രദ്ധ നൽകുന്നത്ഉചിതമായിരിക്കും ദാരിദ്ര്യത്തിന് തീവ്രത ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് സ്ത്രീകളാണ് സ്ത്രീ കൂട്ടായ്മയിലൂടെ ദാരിദ്ര്യംലഘൂകരണം ലക്ഷ്യമിട്ടു കൊണ്ടാണ്കുടുംബശ്രീപ്രവർത്തനം ആരംഭിച്ചത്.

ലോകം കണ്ടതിൽ വെച്ച് ഏറ്റവും വലിയ മഹാമാരി ആയ കോവിഡ്19 നേരിടുന്ന കാലഘട്ടത്തിലൂടെയാണ്നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്ഈസാഹചര്യത്തിൽ കുടുംബശ്രീ ഏറ്റെടുത്തു നടപ്പിലാക്കുക പ്രവർത്തനങ്ങൾ വളരെ വലുതാണ് ബ്രേക്ക് ദചെയിൻ

സാമൂഹ്യ അകലംപാലിക്കുന്നതിന്റെ ആവശ്യകത എന്നിവ ജനങ്ങളിൽ എത്തിക്കുന്നതിന് ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുകയും പോസ്റ്ററുകൾ ഒട്ടിക്കുകയും കൈ കഴുകുന്ന രീതി പരിചയപ്പെടുത്തുകയും ചെയ്തു. പ്രതിരോധപ്രവർത്തനങ്ങളിലുടെജനങ്ങളെ ബോധവാന്മാരാക്കാൻ കഴിഞ്ഞു.

# പ്രവർത്തനങ്ങൾ

ലോക്ഡൗൺ കാലത്ത്, തൊഴിൽ ഇല്ലാത്തവർക്കും സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും ഒരാശ്വാസമായി മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി. ഇതിന്റെ ഭാഗമായി 174അയൽക്കൂട്ടങ്ങളിലെ 2352അംഗങ്ങൾക്കായി 1,72,35,000 രൂപ ലോൺ ആയി ലഭിക്കുകയും ചെയ്തു.

വാട്സാപ്പ്ഗ്രൂപ്പ്കളുടെ രൂപീകരണത്തിലൂടെ സർക്കാർ നൽകിയ ആധികാരികമായ സന്ദേശങ്ങൾ താഴേക്കിടയിൽ എത്തിക്കുന്നതിനും സംഘടനാ സംവിധാനം ശക്തിപെടുത്തുന്നതിനും കഴിഞ്ഞു. 25 വാട്സാപ്പ് ഗ്രൂപ്പ് കളിലായി 1500 അയൽക്കൂട്ട അംഗങ്ങളെ ഗ്രൂപ്പിൽ ഉൾപെടുത്താൻ കഴിഞ്ഞു.

കോവിഡ് 19എന്ന വൈറസ് ബാധ ഏറ്റവും കൂടുതൽ ബാധിക്കുന്നത് വയോജനങ്ങളെ ആയതിനാൽ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 60വയസ്സിനു മുകളിൽ പ്രായം ഉള്ളവർക്കായി സർവ്വേനടത്തുകയുണ്ടായി. റിസോഴ്സ്പേഴ്സന്റെസഹായത്തോടെ എല്ലാ വയോജനങ്ങളെയും ഫോണിലൂടെ ബന്ധപ്പെടുകയും അവർ സുരക്ഷിതർ ആണെന്ന് ഉറപ്പ് വരുത്തുകയും ചെയ്തു. കൂടാതെ അവർക്ക് വേണ്ട ഭക്ഷണവും മരുന്നും കമ്മ്യൂണിറ്റി കിച്ചൻ, PHC, ആശവർക്കർ, സി ഡി എസ് അംഗങ്ങൾ എന്നിവരുടെ സഹായത്തോടെ എത്തിച്ചു കൊടുക്കുകയും ചെയ്തു. മുഴുവൻ ആശ്രയ ഗുണഭോക്താക്കൾക്ക്ഉള്ള

കിറ്റുകളും ത്രിവേണി വഴി ലഭ്യമാക്കാൻ ഈ ലോക്ഡോൺ സമയത്തും കഴിഞ്ഞിട്ടുണ്ട്. ഹോമിയോ മരുന്ന്, പ്രതിരോധമരുന്ന് തുടങ്ങിയവ എല്ലാവർക്കുംവീടുകളിൽ എത്തിച്ചു കൊടുത്തു.




ആനാട്

സി.ഡി.എസിന്റെ നേതൃത്വത്തിൽ ജനകീയ ഹോട്ടൽ ആരംഭിക്കുകയും വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. 20 രൂപ നിരക്കിൽ ഊണും 25രൂപ നിരക്കിൽ പാർസൽ സെർവിസും നടത്തി വരുന്നു. കൂടാതെ ചിക്കൻ ബിരിയാണി55രൂപ നിരക്കിലും പാഴ്സൽ 60രൂപ നിരക്കിലും നൽകി വരുന്നു. ഒരു ദിവസം 250മുതൽ 450എണ്ണം വരെ ഊണ് വിൽപ്പന നടക്കുന്നുണ്ട്. ജനകീയ ഹോട്ടലിലേക്ക് ആവശ്യമായ അരി, പച്ചക്കറി, തേങ്ങ, മുതലായവ കുടുംബശ്രീ അംഗങ്ങളും ഭരണസമിതി അംഗങ്ങളും സ്പോൺസർഷിപ്പ് ആയും നൽകിവരുന്നുണ്ട്.



## ആനാട് ജനകീയ ഹോട്ടലിന് തുടക്കം

**നെടുമങ്ങാട്**

ആനാട് ജനകീയ ഹോട്ടലിനു തുടക്കമായി. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഹോട്ടൽ പഞ്ചായത്ത് പ്രസിഡന്റ് ആനാട് സുരേഷ് ഉദ്ഘാടനം ചെയ്തു. ആനാട് ഫാർമേഴ്സ് ബാങ്ക് പ്രസിഡന്റ് കെ രാജേന്ദ്രൻ, ടി പത്മകുമാർ, ആനാട് ഷജീർ, ചുള്ളിമാനൂർ ഷാജഹാൻ, എ ബി കെ നാസർ, ചിത്രലേഖ, ബിന്ദു, സിഡിഎസ് ചെയർപേഴ്സൺ റീന എന്നിവർ പങ്കെടുത്തു.

ലോക്ക്ഡൗണിന്റെ പശ്ചാത
കുടുംബശ്രീ ജീവനക്കാർക്ക് പ
പ്രവർത്തകരും ഹോട്ടലിന
നൽകുന്നു.



ആനാട് സി.ഡി.എസിലെ തയ്യൽ യൂണിറ്റുകളിൽ നിന്നും 2000 ത്തോളം മാസ്ക്കുകൾ നിർമ്മിക്കുകയും ജില്ലാമിഷനിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നൽകുകയും ചെയ്തു.



ലോക്ഡൗൺ സമയത്ത് മുത്തശ്ശിമാരുടെ ഓർമ്മകളിലെ രുചി അറിയുവാൻ ഒരവസരമായിരുന്നു രുചിയോർമ്മ. പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗിച്ച് പാരമ്പര്യരുചിക്കൂട്ടിൽ തയ്യാറാക്കാൻ കഴിയുന്ന വിവിധ തരം പാചക കുറിപ്പുകളും അവയുടെ ചിത്രവും ജില്ലാമിഷനിൽ അയച്ചു. 60 വയസ്സിനു മുകളിൽ പ്രായം ഉള്ളവർക്കു വേണ്ടിയാണു രുചിയോർമ്മ സംഘടിപ്പിച്ചത്.





ജെ എൽ ജി യുടെ ഭാഗമായി ലോക്ഡൗൺ കാലത്ത് ഭൂരിഭാഗം അയൽക്കൂട്ട അംഗങ്ങളും അടുക്കളതോട്ടം ആരംഭിക്കുകയും വീടുകളിലേക്ക് ആവശ്യമായ പച്ചക്കറി, ചീര മുതലായവ ഉല്പാദിപ്പിക്കുകയും ചെയ്തു. നെടുമങ്ങാട് ബ്ലോക്ക് ഓഫീസിൽ നിന്നും 10000 പച്ചക്കറി തൈകൾ കുടുംബശ്രീ അംഗങ്ങൾക്കു ലഭ്യമാക്കി.



ലോക്ഡൗണിൽ ആയ അവധിക്കാലം ബാലസഭാകുട്ടികൾക്കു ക്രിയാത്മാകാവിഷ്കാരങ്ങൾ നടത്തുന്നതിന് സഹായകമായി. ചിത്രരചന, ടിക്ടോക്, ഒറിഗാമി തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് അവയുടെ ചിത്രങ്ങളും വീഡിയോകളും അയച്ചു കൊടുക്കുകയും ചെയ്തു.



ബഡ്സ്/ബി ആർ സി കുട്ടികളുടെ കലാപരമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന രീതിയിലുള്ള പ്രവർത്തങ്ങൾനടക്കുകയുണ്ടായി. കുട്ടികളിൽ അന്തർലീനമായി കിടക്കുന്നകഴിവുകളെ പരിപോഷിപ്പിക്കുകയും ഈ ലോക്ക്ഡൗൺ കാലത്തും കുട്ടികളെ കർമ്മനിരതറാക്കുന്നതിനുംഇത്തരം പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞു. ഓരോ ദിവസവും നാടൻ പാട്ടുകൾ, ചലച്ചിത്ര ഗാനം, ചിത്രരചന, പേപ്പർ ബാഗ്, പേപ്പർ പേന നിർമ്മാണം, ടിക്ടോക്, ഒരു തൈ നടാം തുടങ്ങി വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയുംഅതിന്റെ ഫോട്ടോയും വീഡിയോയും എടുക്കുകയും ചെയ്തു.

# ഭാവി പ്രവർത്തനങ്ങൾ

- ആനാട്പ ഞ്ചായത്തിലേക്ക് ആവശ്യമായ മാസ്ക്ക്സാനിറ്റൈസർ എന്നിവ കുടുംബശ്രീ യൂണിറ്റ് കളിൽ തന്നെ നിർമ്മിക്കും.
- ആരോഗ്യവകുപ്പുമായി സഹകരിച്ചു 60വയസ്സിനു മുകളിൽ ഉള്ളവർക്കായി മെഡിക്കൽ ക്യാമ്പ് നടത്തും.
- തങ്ങളുടെചുറ്റുപാടുമുള്ള വൃദ്ധരേയും കുട്ടികളെയും പ്രത്യേകമായി ശ്രദ്ധിക്കാൻ അടുത്ത അയൽക്കൂട്ടങ്ങൾക്ക് നിർദേശങ്ങൾ നൽകും.